(ബി) പ്രസ്തുത റോഡ് ബി.എം.&ബി.സി. വർക്ക് ചെയ്യണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്എന്നത്തേയ്ക്ക് ഭരണാനുമതി നല്കും; വിശദമായ റിപ്പോർട്ട് നൽകാമോ; എന്നത്തേയ്ക്ക് റോഡ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നിരന്തരം നാട്ടുകാരുടെ ഭാഗത്തുനിന്നും ആവശ്യം ഉയർന്നത് പരിഗണിച്ച് റോഡിന്റെ കി.മീ. 0/000 മുതൽ 5/200 വരെയും 7/200 മുതൽ 16/200 വരെയുള്ള ബി.എം. & ബി.സി. പ്രവൃത്തിക്കും കി.മീ. 16/200 മുതൽ 28/000 വരെയുള്ള ബി.എം.&ബി.സി പ്രവൃത്തികൾക്കുമായി 2155 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് നടപടി

317 (1361) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലുറപ്പുപദ്ധതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നഗരസഭയേയും കോവൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് പാലം ജനങ്ങൾക്കായി എപ്പോൾ തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മലപ്പുറം നഗരസഭയേയും കോവൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തലാപ്പ്കടവ് ആശാരിപ്പടി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ ആണ് നടന്നുവരുന്നത്. Detailed valuation statement അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ നിയമനിർമ്മാണം നടത്തേണ്ടതുള്ളതിനാൽ എല്ലാ സ്ഥലമെടുപ്പ് നടപടികളും താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly